ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്
# പാർലമെന്ററി പഠന പരിശീലന കേന്ദ്രം

നമ്പർ 4963/സി.പി.എസ്.റ്റി. ബി2/2016/നിസെ. തിരുവനന്തപുരം, 29.11.2016.

<u>വിജ്ഞാപനം</u>

വിഷയം - കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സ് മൂന്നാം ബാച്ച് - സമ്പർക്ക ക്ലാസ്സ് - സംബന്ധിച്ച്.

.......

കേരള നിയമസഭയുടെ സെന്റർ ഫോർ പാർലമെന്ററി സ്റ്റഡീസ് ആന്റ് ട്രെയിനിംഗ് നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ രണ്ടാം ഘട്ട സമ്പർക്ക ക്ലാസും സർട്ടിഫിക്കറ്റ് വെരിഫിക്കേഷനും 2016 ഡിസംബർ മാസം 10, 11 തീയതികളിൽ, തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിലെ 5 ഇ സമ്മേളന ഹാളിലും ഡിസംബർ 17, 18 തീയതികളിൽ കോഴിക്കോട് നടക്കാവ് , ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലും വച്ച് രാവിലെ 09.30 മണി മുതൽ വൈകുന്നേരം 5.15 മണി വരെ നടത്തുന്നതാണ്. ഒരേ വിഷയത്തിലുള്ള സമ്പർക്ക ക്ലാസുകളായതിനാൽ പഠിതാക്കൾക്ക് സൗകര്യപ്രദമായ കേന്ദ്രം തെരഞ്ഞെടുക്കാവുന്നതാണ്.

500, 1000 രൂപാ നോട്ടുകൾ പിൻവലിച്ചതിനെത്തുടർന്ന് സംജാതമായിട്ടുള്ള സാമ്പത്തിക വൈഷമ്യങ്ങളുടെ വെളിച്ചത്തിൽ, സർട്ടിഫിക്കറ്റ് കോഴ്സിന്റെ രണ്ടാം ഗഡു ട്യൂഷൻഫീ പിഴകൂടാതെ 20.12.2016 വരെയും പിഴയോടുകൂടി 31.12.2016 വരെയും സ്വീകരിക്കുന്നതാണ്. കോഴ്സിന്റെ ആദ്യ ഗഡു ട്യൂഷൻ ഫീ അടച്ചിട്ടുള്ള എല്ലാ പഠിതാക്കൾക്കും സമ്പർക്ക ക്ലാസിൽ പങ്കെടുക്കാവുന്നതാണ്.

സമ്പർക്ക ക്ലാസിൽ പങ്കെടുക്കുന്ന പഠിതാക്കൾ സർട്ടിഫിക്കറ്റ് കോഴ്സിന്റെ തിരിച്ചറിയൽ കാർഡ് നിർബന്ധമായും കൈവശം വയ്ക്കേണ്ടതാണ്. സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ ഇതുവരെയും നടത്തിയിട്ടില്ലാത്തവർ കോഴ്സിന്റെ പ്രവേശനത്തിനായി നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ ഒറിജിനലും ഒരു പകർപ്പും ഹാജരാക്കേണ്ടതാണ്.

Bindu. S.

എസ്. ബിന്ദു,
ജോയിന്റ് സെക്രട്ടറി.